പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4468 — 04/02/2014 ൽ മറുപടിയ്ക്ക്

**ഭൂമി തട്ടിപ്പ് കേസിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എ. ബേബി | ശ്രീ. അടൂർ പ്രകാശ്. (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗൺമാൻ ആയിരുന്ന സലിംരാജ് ഉൾപ്പെട്ട കടകംപള്ളി ഭൂമി തട്ടിപ്പ് കേസിൽ കുറ്റക്കാരെന്ന് റവന്യു വകുപ്പ്സെക്രട്ടറി അന്വേഷണത്തിൽ കണ്ടെത്തിയ ഉദ്യോഗസ്ഥന്മാർ ആരൊക്കെയായിരുന്നു; വിശദമാക്കാമോ; | (എ) കടകംപള്ളി ഭൂമിതട്ടിപ്പുമായി ബന്ധപ്പെട്ട് റവന്യൂ സെക്രട്ടറി നടത്തിയ അന്വേഷണത്തിൽ കുറ്റക്കാരനെന്നു കണ്ടെത്തിയത് പ്രസ്തുത വില്ലേജിലെ മുൻ വില്ലേജാഫീസറായിരുന്ന ശ്രീ.പി.എം. സുബ്രഹ്മണ്യം പിള്ളയാണ്. ടിയാനെ 19/12/2013 ൽ അച്ചടക്ക നടപടിയുടെ ഭാഗമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലാ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ കടകംപള്ളി മുൻ വില്ലേജ് ഓഫീസർ ശ്രീ. വിദ്യോദയകുമാർ, മുൻ സ്പെഷ്യൽ വില്ലേജ് ഓഫീസർ ശ്രീ. അബ്ദുൾ ഗഫൂർ, മുൻ വില്ലേജ് അസിസ്റ്റന്റ് ശ്രീ. അജികുമാർ എന്നിവർക്കെതിരെ തിരുവനന്തപുരം ജില്ലാ കളക്ടർ അച്ചടക്ക നടപടി സ്വീകരിക്കുകയും കഠിന ശിക്ഷ നൽകി അച്ചടക്ക നടപടി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത ഉദ്യോഗസ്ഥർ ഇപ്പോഴും സർവ്വീസിൽ തുടരുന്നുണ്ടോ; ഇവർക്കെതിരെ നടപടി എടുക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്; വ്യക്തമാക്കാമോ; | (ബി) പ്രസ്തുത ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരിൽ റിട്ടയർ ചെയ്തു പോയ അബ്ദുൾ ഗഫൂർ, സസ്പെൻഷനിൽ ഉള്ള പി.എം.സുബ്രഹ്മണ്യംപിള്ള എന്നിവർ ഒഴികെയുള്ളവർ ഇപ്പോഴും സർവ്വീസിൽ തുടരുന്നു. ടി ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ച് റവന്യു വകുപ്പ് സെക്രട്ടറി കണ്ടെത്തിയ വിവരങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) റവന്യൂ രേഖകളിൽ കൃത്രിമം കാണിച്ചതായും തണ്ടപ്പേരു പിടിച്ചതിൽ അപാകതകൾ ഉള്ളതായും കണ്ടെത്തിയിരുന്നു. വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**